എക്സലൻസായി പ്രഖ്യാപിച്ചു. ഇതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ഏല്പിച്ചിട്ടുണ്ട്. കോഴിക്കോട് ക്രാഫ്റ്റ് ടെക്സ്റ്റയിൽ ക്ലസ്റ്റർ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കണ്ണൂരിൽ സേലം മോഡൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്ലൂം ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) കൈത്തറി തൊഴിലാളികൾക്ക് ആവശ്യമായ ഹാങ്ക് യാണിന്റെ ലഭ്യത ഉറപ്പു വരുത്തുവാൻ നാഷണൽ ഹാന്റ്ലൂം ഡവലപ്മെന്റ് കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ഹാന്റക്സ്, ഹാൻവീവ്, എറണാകുളം സഹകരണ യാൺ ബാങ്ക് കോഴിക്കോട് സഹകരണ യാൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾ വഴിയാണ് നൂൽ വിതരണം ചെയ്തുവരുന്നത്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ രണ്ടും കണ്ണൂർ ജില്ലയിൽ ഒന്നും പുതിയ യാൺ ബാങ്കുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൈത്തറി മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

25 (179) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ, കൈത്തറി വ്യവസായ മേഖലയ്ക്ക് കേന്ദ്രത്തിൽ നിന്നും എത്ര തുക ധനസഹായമായി ലഭിച്ചു; പ്രസ്തുത തുക എവിടെയൊക്കെ എന്തൊക്കെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൈത്തറി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും പുരോഗതിക്കുമായി സംസ്ഥാന സർക്കാർ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. വിപണന കയറ്റുമതി ഉന്നമന പദ്ധതി
2. പരിശീലനവും വികസനവും
3. യന്ത്രത്തറി നെയ്ത്തിന്റെ നവീകരണവും വ്യവസായവൽക്കരണവും
4. ഹാന്റക്സിന്റെയും ഹാൻവീവിന്റെയും ആവശ്യാധിഷ്ഠിത ഉല്പാദന പരിപാടി

LIBRARY ARCHIVES Kerala Legislative Assembly

5. ഉല്പന്ന വികസനവും കഴിവുകൾ മെച്ചപ്പെടുത്തലും
6. കലാപരമായ കൈത്തറി ഉല്പന്നങ്ങളുടെ വിപുലീകരണം
7. നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കൽ
8. കൈത്തറി അപ്പക്സ് സംഘം നിക്ഷേപണ സഹായങ്ങൾ
9. പ്രാഥമിക കൈത്തറി സംഘങ്ങളിൽ ഓഹരി പങ്കാളിത്തം
10. കൈത്തറി മേഖലയിലെ ഉദ്യമകർത്താക്കൾക്ക് മുഖ്യമന്ത്രി വായ്പകൾ

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ കൈത്തറി മേഖലയിൽ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച വിശദ വിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു.*

(സി) കൈത്തറി മേഖലയ്ക്ക് ഈ കാലയളവിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക അതാത് സ്കീമുകളിൽ തന്നെ ചെലവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.*

കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

26 (180) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ പ്രതിവർഷം എത്ര ദിനങ്ങളിൽ തൊഴിൽ നൽകുവാൻ സാധ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ :

(ബി) കശുവണ്ടി തൊഴിലാളികൾക്ക് തൊഴിൽദിനങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു :

(സി) കശുവണ്ടി തൊഴിലാളികളെ പട്ടിണിയിൽനിന്നും ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ അടിയന്തരമായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ?

ഉത്തരം

(എ) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്നത്ര ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly